...

Service With Love

**JUBILEE MISSION**
**MEDICAL COLLEGE & RESEARCH INSTITUTE**
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

12.05.2026

# ജൂബിലി മിഷനിൽ അന്താരാഷ്ട്ര നേഴ്സസ് ദിനാചരണം സംഘടിപ്പിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അന്താരാഷ്ട്ര നേഴ്സസ് ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ആശുപത്രിയിലെ എല്ലാ നേഴ്സുമാർക്കും ആശംസകൾ നേർന്ന് മധുരവിതരണം നടത്തി. കൂടാതെ ഡയറാക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നേഴ്സുമാർക്ക് ഗിഫ്റ്റ് കൂപ്പണുകൾ സമ്മാനിച്ചു. ഈ വർഷത്തെ നേഴ്സസ് ദിന സന്ദേശമായ - Our Nurses, Our Future – Empowered Nurses Save Lives - എന്ന ആശയത്തെ ആസ്പദമാക്കി ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ സന്ദേശം നൽകി. നേഴ്സുമാർ ആരോഗ്യരംഗത്ത് സേവനം ചെയ്യുന്നതിനപ്പുറം സമൂഹത്തിൽ ഒരു സ്ഥാപനത്തെക്കുറിച്ചുള്ള നല്ല പ്രതിച്ഛായ സൃഷ്ടിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു. സേവന മനോഭാവത്തോടൊപ്പം നേതൃപാടവവും കൈവരിച്ച് നേഴ്സുമാർ ആരോഗ്യരംഗത്തിന്റെ ശക്തമായ നേതാക്കളായി ഉയർന്നുവരേണ്ടതുണ്ടെന്നും ശക്തിപെട്ട നേഴ്സിംഗ് സമൂഹത്തിന് അനേകം ജീവനുകളെ രക്ഷിക്കാനാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അസി. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സന്ദേശം നൽകി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ ആശംസകൾ നേർന്നു. ആശുപത്രി മാനേജ്മെന്റും വിവിധ വകുപ്പ് മേധാവികളും നേഴ്സിങ്ങ് സൂപ്രണ്ടുമാരും ചടങ്ങിൽ പങ്കെടുത്തു.